"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.അനിൽകുമാർ എസ്.വട്ടയ്ക്കാല പുത്തൻവീട്, മാരായമുട്ടം പി.ഒ തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.465/2026/ID തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-

1. തിരുവനന്തപുരം ജില്ല ജിയോളജിസ്റ്റിന്റെ 18/09/2025 തീയതിയിലെ .DOThl-DMG/3652/2022-M നമ്പർ ഡിമാന്റ് നോട്ടീസ്
2. ശ്രീ.അനിൽകുമാർ എസ്.വട്ടയ്ക്കാല പുത്തൻവീട്, മാരായമുട്ടം പി.ഒ തിരുവനന്തപുരം13/10/2025 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 30/03/2026 തീയതിയിലെ ഡിഎംജി/889/2026-എം4 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നം. **25** ൽ റീ സർവ്വേ നം. **597/21- 3-5** ൽ പെട്ട വസ്തുവിൽ നിന്നും പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നിരപ്പാക്കുന്നതിന് **4612** മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയിരുന്നതായും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കണമെന്ന വ്യവസ്ഥ ലംഘിച്ചിട്ടുള്ള സാഹചര്യത്തിൽ ചട്ടം **14(5)** പ്രകാരം അനുമതി നൽകിയ മണ്ണിൻ്റെ അളവായ **4612** മെട്രിക് ടണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി **(2022** കാലയളവിലെ റോയൽറ്റി**) (4612x20x5)** തുകയായ **4,61,200/-** രൂപ ഒടുക്കുന്നതിന് തിരുവനന്തപുരം ജിയോളജിസ്റ്റ് **18/09/2025** തീയതിയിൽ നൽകിയ ഡിമാന്റ്ഡ് നോട്ടീസിനെതിരെ ശ്രീ.അനിൽകുമാർ എസ്.വട്ടയ്ക്കാല പുത്തൻവീട്, മാരായമുട്ടം പി.ഒ തിരുവനന്തപുരം- **695131**പരാമർശം **(2)** പ്രകാരം സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

**2.** അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ കക്ഷിയെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി **24/02/2026** നേരിൽ കേട്ടു.

3. അപ്പീൽ കക്ഷി ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.

നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ളോക്ക് നം.25 ൽ റീ സർവ്വേ നം. 597/21 3-5 ൽ പ്പെട്ട വസ്തുവിൽ നിന്നും പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്/പ്ലാൻ പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി കിട്ടി വീട് വയ്ക്കുന്നതിന് പണി തുടങ്ങിയപ്പോൾ നീലകേശി ക്ഷേത്രകമ്മിറ്റിക്കാർ ക്ഷേത്രത്തോട് ചേർന്ന് വീട് വയ്ക്കുന്നതിന് തടസ്സം പറഞ്ഞു അതിൽ പ്രകാരം ക്ഷേത്ര കമ്മറ്റിക്കാർ സ്ഥലം വേണമെന്ന് ആവശ്യപ്പെട്ടു. ആ വസ്തു അവർക്ക് പകുതി വിലയ്ക്ക് വിൽക്കേണ്ടി വന്നു. അതിനാൽ അവിടെ വീട് വയ്ക്കാൻ സാധിച്ചില്ല. ആയതിനാൽ ജിയോളജിസ്റ്റിൽ നിന്നും വന്ന ഫൈൻ ഒഴിവാക്കി നല്കണമെന്ന് ആവശ്യപ്പെട്ടു.

4. അപ്പീൽ ഹർജിയിൽമേൽ മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്ത് സമയബന്ധിതമായി അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതിന് ചട്ടം 14 (5) പ്രകാരമുള്ള കുടിശ്ശിക ഈടാക്കുന്നതിന് 18-09-2025 തീയതിയിൽ വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും നല്കിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ. അനിൽകുമാർ.എസ് വട്ടയക്കാല പുത്തൻ വീട് മാരായമുട്ടം പി.ഒ., എന്ന വ്യക്തി സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിട്ടിട്ടുള്ളത്. നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ളോക്ക് നം. 25 ൽ റീ സർവ്വേ നം. 597/21-3-5 ൽ പ്പെട്ട സ്ഥലത്ത് നിന്നും പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റിന്റെയും, പ്ളാനിന്റെയും അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നിപ്പാക്കുന്നതിന് 4612 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ. അനിൽകുമാർ എന്ന വ്യക്തിക്ക് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും 14-03-2023 തീയതി അനുമതി നല്കി ഉത്തരവായിരുന്നു. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കി കെട്ടിട നിർമ്മാണം നടത്തുന്നതിലേയ്ക്ക് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി ബന്ധപ്പെട്ട ജില്ലാ ഓഫീസിനെ രേഖാമൂലം അറിയിച്ച് കൊള്ളാമെന്നും അല്ലാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ചെയ്ത പ്രവൃത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ 5 മടങ്ങ് തുക ഒടുക്കുവാൻ ബാധ്യസ്ഥാണെന്നും സ്ഥല ഉടമ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിട്ടിട്ടുള്ളതാണ്. എന്നാൽ ഇപ്രകാരം അടിത്തറ നിർമ്മാണം പൂർത്തിയാക്കിയതായി യാതൊരു രേഖയും സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 14/07/2025 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നത്. പ്രസ്തുത നോട്ടീസിന് അപ്പീൽ കക്ഷി 21/07/2025 തീയതിയിൽ നല്കിയ മറുപടിയിൽ മണ്ണ് നീക്കം ചെയ്ത സ്ഥലം തൊട്ടടുത്തുള്ള ക്ഷേത്രത്തിന് വിൽക്കേണ്ടി വന്നതിനാൽ നിർമ്മാണം നടത്തുവാൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ മേൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു . ടി മറുപടി 14(5) ചട്ട പ്രകാരമുള്ള തുടർ നടപടികളിൽ നിന്നും ഒഴിവാക്കുവാൻ പര്യാപ്തമല്ലാത്തിനാൽ 6/08/2025 തീയതിയിൽ അപ്പീൽ കക്ഷിയെ നേരിൽ കേൾക്കുന്നതിന് 30/07/2025 തീയതിയിൽ ഹിയറിംഗ് നോട്ടീസ്

നല്കുകയുണ്ടായി. എന്നാൽ ടി നോട്ടീസ് പ്രകാരം സ്ഥല ഉടമ നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തതിനെത്തുടർന്ന് അനുമതി ഉത്തരവ് പ്രകാരം നീക്കം ചെയ്യുവാൻ അനുവദിച്ച **4612** മെട്രിക് ടൺ സാധാരണ മണ്ണിന്റെ **5** മടങ്ങ് റോയൽറ്റി ഈടാക്കുന്നതിലേയ്ക്ക് **15/08/2025** തീയതിയിൽ അഡ്ജൂഡിക്കേഷൻ ഉത്തരവും കൂടാതെ അനുമതി പ്രകാരം നീക്കം ചെയ്ത മണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി തുകയായ **4,61,200/-**രൂപ ഒടുക്കുന്നതിന് **18/09/2025** തീയതിയിൽ ഡിമാന്റ് നോട്ടീസും അപ്പീൽ കക്ഷിക്ക് നല്കിയിരുന്നു. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കി സാക്ഷ്യപത്രം ഹാജരാക്കണമെന്ന വ്യവസ്ഥ ലംഘിച്ചിട്ടുള്ള സാഹര്യത്തിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള വില്ലേജിൽ ബ്ളോക്ക് നം.**25** ൽ റീ സർവ്വേ നം.**597/21-3-5** ൽ പ്പെട്ട സ്ഥലത്ത് നിന്നും അനുമതി പ്രകാരം അനുമദിച്ച **4612** മെട്രിക് ടൺ സാധാരണ മണ്ണിന്റെ റോയൽറ്റിയുടെ **5** മടങ്ങ് (ടണ്ണിന് **20/-** രൂപ നിക്കിൽ) **4612** മെട്രിക് ടൺ **x 20 x 5** തുകയായ **4,61,200/-** രൂപ ഒടുക്കുവാൻ അപ്പീൽ കക്ഷി ബാധ്യസ്ഥനാണ്. മേൽ സാഹചര്യത്തിൽ ഡിമാന്റ് നോട്ടീസിൽ സ്റ്റേ അനുവദിക്കരുതെന്നും ഹർജിക്കാരനിൽ നിന്നും ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഈടാക്കുന്നതിന് ഉത്തരവ് ഉണ്ടാകണമെന്നു ചെയ്യുന്നു.

**5.** അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അപ്പീൽ അധികാരി ഇക്കാര്യം പരിശോധിച്ചു. **2015** ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് കരസ്ഥമാക്കി കെട്ടിട നിർമ്മാണം നടത്തുന്നതിലേയ്ക്ക് സാധാരണ മണ്ണ് നീക്കം ചെയ്ത് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കി ബന്ധപ്പെട്ട ജില്ലാ ഓഫീസിനെ രേഖാമൂലം അറിയിച്ച് കൊള്ളാമെന്നും അല്ലാത്ത സാഹചര്യത്തിൽ മണ്ണ് നീക്കം ചെയ്ത പ്രവൃത്തി അനധികൃതമായി കണക്കാക്കി റോയൽറ്റിയുടെ **5** മടങ്ങ് തുക ഒടുക്കുവാൻ ബാധ്യസ്ഥാണെന്നും സ്ഥല ഉടമ നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിട്ടിട്ടുള്ളതാണ്. എന്നാൽ അപ്പീൽ കക്ഷി പ്രസ്തുത അനുമതി കരസ്ഥമാക്കി മണ്ണ് നീക്കിയ ശേഷം അടിത്തറ കെട്ടാതെ ടി വസ്തു വില്ക്കുകയാണ് ചെയ്തത്. അതിനാൽ കെ.എം.എം.സി ചട്ടം **14(5)** പ്രകാരം പെനാൽറ്റി ഒടുക്കുവാൻ കക്ഷി ബാദ്ധ്യസ്ഥനാണ്. ഈ സാഹചര്യത്തിൽ അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ചും ജില്ലാ ജിയോളജിസ്റ്റു് പരാമർശം **(1)** പ്രകാരം **18/09/2025** ന് നല്കിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തി കൊണ്ടും അതിൻ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ശ്രീ.അനിൽകുമാർ എസ്.വട്ടയ്ക്കാല പുത്തൻവീട്, മാരായമുട്ടം പി.ഒ തിരുവനന്തപുരം- **695131** പരാമർശം**(2)** പ്രകാരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.അനിൽകുമാർ എസ്.വട്ടയ്ക്കാല പുത്തൻവീട്, മാരായമുട്ടം പി.ഒ തിരുവനന്തപുരം- 695131
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 22-04-2026 12:10:25
സെക്ഷൻ ഓഫീസർ